

# ഖുർആനിലെ കഥകൾ


## അശ്റഫ് കീഴുപറമ്പ്


കഥ എന്ന കലാരൂപത്തെക്കുറിച്ച ചർച്ചകളിൽ സാധാരണ രണ്ട് വാദഗതികൾ ഉന്നയിക്കപ്പെടാറുണ്ട്. കഥ കഥയ്ക്കുവേണ്ടി എന്നതാണ് ഇതിൽ ഒന്നാമത്തേത്. കലാംശം മാത്രമേ അതിൽ ഉണ്ടാകാൻ പാടുള്ളൂ. സാമൂഹികമോ രാഷ്ട്രീയമോ മതപരമോ ആയ ലക്ഷ്യങ്ങൾ കഥയ്ക്കുണ്ടായിക്കൂടാ. ചർച്ചിന്റെ ദുസ്സഹമായ അധികാരഘടനയിൽനിന്ന് കുതറിച്ചാടിയ യൂറോപ്യൻസമൂഹത്തിലാണ് ഈ വാദം ആദ്യമായി ഉയർന്നുകേട്ടത്. ഒരു പ്രത്യേക ചരിത്രപശ്ചാത്തലത്തിലാണ് ഈ അഭിപ്രായഗതി രൂപപ്പെട്ടത് എന്നർഥം. ഇതിനു വിരുദ്ധമാണ്, നൂറ്റാണ്ടുകളായി മനുഷ്യസമൂഹങ്ങൾ വച്ചുപുലർത്തിപ്പോരുന്ന കഥാസങ്കൽപം. കലാ സൃഷ്ടികൾ മനുഷ്യമനസ്സിന്റെ വിമലീകരണത്തിന് ഉപകരിക്കണം എന്നാണ് അരിസ്റ്റോട്ടിൽ എഴുതിയിട്ടുള്ളത്. സമൂഹത്തിന്റെ ഉള്ളും പുറവും നന്നാക്കിയെടുക്കുക എന്ന ഉദാത്ത ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള ഒരു ഉപകരണമാണ് കല. അക്കാര്യത്തിൽ കഥയ്ക്ക് മറ്റേതു കലാരൂപത്തേക്കാളും ക്രിയാത്മകമായി പ്രവർത്തിക്കാനാവും.കഥയാണ് ജനകീയ കല. നോവൽ, സിനിമ, ടെലിവിഷൻ സീരിയലുകൾ, നാടകം തുടങ്ങിയ ജനപ്രിയമാധ്യമങ്ങളെല്ലാം കഥപറച്ചിലിന്റെ രൂപഭേദങ്ങൾ മാത്രമാണ്.

കഥയുടെ ഈ വശ്യത നന്നായി പ്രയോജനപ്പെടുത്തിയിട്ടുണ്ട് വിശുദ്ധഖുർആനിൽ. പക്ഷേ, കഥപറഞ്ഞ് രസിപ്പിക്കുക എന്ന മുത്തശ്ശിക്കഥകളിലെ സാമ്പ്രദായിക രീതിയിലല്ല ആഖ്യാനം. മനുഷ്യമനസ്സിനെയും ചിന്തയെയും നിർണിത ലക്ഷ്യത്തിലേക്ക് പ്രയാണം ചെയ്യാൻ പ്രേരിപ്പിക്കുക എന്ന ലക്ഷ്യമാണ് ഖുർആൻകഥകൾക്കുള്ളത്. പൂർവസമൂഹങ്ങളുടെ കഥകൾ പറയുന്നുണ്ടെങ്കിൽ അത് പിൻഗാമികൾ ആ ചരിത്രത്തിൽനിന്ന് പാഠം ഉൾക്കൊള്ളാൻ വേണ്ടിയായിരിക്കും. ആ ലക്ഷ്യത്തിനുതകുന്ന കഥാംശമേ പ്രതീക്ഷിക്കേണ്ടതുള്ളൂ. പൊടിപ്പും തൊങ്ങലും വച്ച ആഖ്യാനം എവിടെയുമില്ല. ചിലപ്പോൾ പ്രധാനമെന്ന് നമുക്ക് തോന്നുന്ന ഭാഗങ്ങൾ കഥാഘടനയിൽനിന്ന് വിട്ടുകളഞ്ഞിട്ടുണ്ടാവും. ഇയോബിന്റെ പുസ്തകം ബൈബിളിൽ ഏറ്റവുമധികം പ്രകീർത്തിക്കപ്പെടുന്ന ഒരു അധ്യായമാണ്. ഖുർആനാകട്ടെ, അയ്യൂബ്നബിയെക്കുറിച്ചുള്ള പരാമർശം മൂന്നോ നാലോ വാക്യങ്ങളിൽ ഒതുക്കുന്നു. അയ്യൂബ്നബിയുടെ ഉള്ളുരുകിയുള്ള പ്രാർഥനയുടെ പ്രസക്തഭാഗം മാത്രമേ ഖുർആൻ നൽകുന്നുള്ളൂ. ആ കഥയിലെ ഗുണപാഠം ഗ്രഹിക്കാൻ അത്രയേ വേണ്ടൂ എന്നതാണ് കാരണം.

ഖുർആൻകഥകളുടെ മറ്റൊരു പ്രത്യേകത, അവ ചരിത്ര സംഭവങ്ങളുമായി ബന്ധപ്പെട്ടുനിൽക്കുന്നു എന്നതാണ്: "അവരുടെ യഥാർഥ കഥ നാം നിങ്ങളെ കേൾപ്പിക്കാം" (*അൽകഹ്ഫ്* 13) എന്ന് ഖുർആൻ. മിത്തുകളോ ഇതിഹാസങ്ങളോ കെട്ടുകഥകളോ അതിൽ കാണാനാവില്ല. ഒരു സാരോപദേശകഥയെ അനുസ്മരിപ്പിക്കുന്ന സൂറഃ *അൽകഹ്ഫി*ലെ തോട്ടക്കാരന്റെ കഥ പോലും യമനിൽ ഉണ്ടായ ഒരു സംഭവകഥയെ അടിസ്ഥാനപ്പെടുത്തിയാണ്. കഥകളിൽ നായകസ്ഥാനത്ത് വരുന്നത് മിക്കവാറും പ്രവാചകന്മാരാണ്. സത്യനിഷേധികളായ അവരുടെ സമൂഹങ്ങൾ പ്രതിനായകസ്ഥാനത്തും. പക്ഷേ, നായക കഥാപാത്രങ്ങളുടെ ഹാവഭാവങ്ങളോ അപ്രതിരോധ്യമായ ശക്തിവിശേഷങ്ങളോ പ്രവാചകന്മാർക്ക് നൽകുന്നില്ല. പീഡിപ്പിക്കപ്പെടുകയും പുറന്തള്ളപ്പെടുകയും വധിക്കപ്പെടുകയും ചെയ്യുന്ന സാധാരണ മനുഷ്യരായാണ് അവർ ചിത്രീകരിക്കപ്പെടുന്നത്. അവരുടെ ശാരീരികമായ പ്രത്യേകതകളോ അവർ ജീവിച്ച നാടിനെക്കുറിച്ചുള്ള വിവരണമോ ഒന്നും നമുക്ക് ലഭിക്കുന്നില്ല. സ്ഥലവും കാലവും വ്യക്തികൾക്കുള്ള പ്രാധാന്യവും അവഗണിക്കപ്പെടുന്നു. കഥയിൽ കാലഗണനനയനുസരിച്ചുള്ള ഒരു ആഖ്യാനരീതി പിന്തുടരുന്നില്ല. ഏതൊരു ആശയമാണോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് അതിനനുസരിച്ച് കാലഗണനയും കഥാഗതിയും അട്ടിമറിക്കപ്പെടുന്നു. കഥാഖ്യാനത്തിലെ ഏറ്റവും നൂതനമായ ഒരു രീതിയാണിത്.

പക്ഷേ, ചില ഓറിയന്റലിസ്റ്റുകൾ ഇതൊരു പോരായ്മയായി കാണുന്നു. പ്രമുഖ ഖുർആൻവ്യാഖ്യാതാവായ മുഹമ്മദ് അബ്ദു അവർക്ക് ഇങ്ങനെ മറുപടി നൽകുന്നു: "പ്രതിയോഗികളിൽ പലരും ഖുർആൻകഥകൾക്ക് യാതൊരു ചിട്ടയുമില്ല എന്ന് ആരോപിക്കാറുണ്ട്. അവർ മനസ്സിലാക്കണം; നടന്ന കാലത്തിനൊപ്പിച്ച് സംഭവങ്ങളെയും ചരിത്രത്തെയും ചിട്ടപ്പെടുത്തി പറയുക എന്നതല്ല ഖുർആന്റെ ലക്ഷ്യം. സംഭവങ്ങളിൽ എന്ത് ഗുണപാഠമുണ്ട് എന്നാണ് അതിന്റെ നോട്ടം. പൂർവസമുദായങ്ങൾക്ക് നേട്ടം ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ നിമിത്തങ്ങൾ വിശദീകരിച്ച് അവ തേടിപ്പിടിക്കാൻ നമ്മെ ഉദ്ബോധിപ്പിക്കുക, നാശമാണ് ഉണ്ടായതെങ്കിൽ അതിനുള്ള കാരണങ്ങൾ നിരത്തിവച്ച് അവയിൽനിന്ന് വിട്ടുനിൽക്കാൻ താക്കീത് ചെയ്യുക. ലക്ഷ്യം ഇതാവുമ്പോൾ മനസ്സിൽ

cmyk

തട്ടുംവിധം അത് ആവിഷ്കരിക്കാൻ സംഭവങ്ങളെ തദനുസാരം ചിട്ടപ്പെടുത്തേണ്ടിവരുന്നു" (അൽമനാർ വാ: 1, പേ: 327).

## പ്രതീകാത്മക ആഖ്യാനം

ചരിത്രസംഭവങ്ങൾക്കു പുറമെ പ്രതീകാത്മക ആഖ്യാനവും ഖുർആനിൽ കാണാം എന്നാണ് മുഹമ്മദ് അബ്ദുവിന്റെ അഭിപ്രായം. അതായത് ഖുർആനിൽ ചിത്രീകരിക്കുന്ന ചില സംഭവങ്ങളോ സംഭാഷണങ്ങളോ ചിലപ്പോൾ അക്ഷരാർഥത്തിൽ നടന്നുകൊള്ളണമെന്നില്ല. ഉദാഹരണമായി പറയുന്നത്, 'നരകത്തോട് നാം പറയുന്ന ദിവസം നീ അറിഞ്ഞില്ലേ? നരകം ചോദിക്കുന്നു- ഇനിയുമുണ്ടോ?' എന്ന സൂക്തമാണ്. ഈ ചോദ്യോത്തരം അതേപടി നടക്കണം എന്നില്ല. നരകത്തിന്റെ വ്യാപ്തി മനസ്സിലാക്കിക്കൊടുക്കാനുള്ള ഒരു ആവിഷ്കാരരീതിയാണത്. ഇതുപോലുള്ള ധാരാളം സൂക്തങ്ങൾ കണ്ടെത്താൻ കഴിയും. പക്ഷേ, ഭൂരിപക്ഷം ഖുർആൻവ്യാഖ്യാതാക്കൾക്കും ഈ അഭിപ്രായത്തോട് യോജിപ്പില്ല.

*ഇസ്ലാമിക ചിന്തയുടെ പുനഃസംവിധാനം* എന്ന പുസ്തകത്തിൽ മഹാകവി മുഹമ്മദ് ഇഖ്ബാൽ സ്വർഗത്തിൽനിന്നുള്ള 'ആദമിന്റെ വീഴ്ച'യ്ക്ക് പ്രതീകാത്മകമായ കുറേ അർഥതലങ്ങളുണ്ട് എന്ന് വാദിക്കുന്നു. മനുഷ്യൻ തന്റെ ആദിമവികാരങ്ങളിൽനിന്ന് തെറ്റ് ചെയ്യാനും സംശയിക്കാനുമുള്ള സ്വാതന്ത്ര്യം തനിക്കുണ്ട് എന്ന സ്വയംബോധത്തിലേക്ക് വരുന്നത് ഈ വീഴ്ചയോടെയാണ്. വീഴ്ച ഒരു ധർമച്യുതി അല്ല. തനിക്ക് സ്വതന്ത്രമായ ഒരു വ്യക്തിത്വമുണ്ട് എന്ന് മനുഷ്യൻ തിരിച്ചറിയുന്ന ഒരു പരിവർത്തനദശയാണ്. ആദിപാപത്തിന്റെ പേരിൽ മനുഷ്യരെ തളച്ചിടാനുള്ള തടവറയായിട്ടല്ല ഖുർആൻ ഭൂമിയെ കാണുന്നത്. തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം തനിക്കുണ്ട് എന്ന് മനുഷ്യൻ തിരിച്ചറിയുന്ന ആദ്യപ്രവൃത്തിയാണ് ആദിപാപം. പശ്ചാത്തപിച്ചപ്പോൾ ആ പാപം അല്ലാഹു ആദമിന് പൊറുത്തുകൊടുക്കുകയും ചെയ്തു.



## ലക്ഷ്യങ്ങൾ

ഏതു കാലത്തേക്കും പ്രസക്തമാകും വിധമാണ് ഖുർആൻകഥകളുടെ ആഖ്യാനഘടന. ചരിത്രാഖ്യാനമല്ല ഖുർആൻ നിർവഹിക്കുന്നത്. അതുകൊണ്ടാണ് സംഭവം നടന്നത് ഒരു നിർണിത ചരിത്രഘട്ടത്തിലാണെങ്കിലും അതുമായി ബന്ധപ്പെട്ട വ്യക്തി സ്ഥലനാമങ്ങൾ പലപ്പോഴും വിട്ടുകളയുന്നത്. ഇത് ഖുർആൻകഥകളെ ദാർശനികമായ ഉയരങ്ങളിലെത്തിക്കുന്നു എന്ന് അല്ലാമാ ഇഖ്ബാൽ നിരീക്ഷിക്കുന്നു. ഇത്തരം അവതരണരീതി ലോകസാഹിത്യത്തിലും അപൂർവമല്ല. മിക്ക യൂറോപ്യൻരാജ്യങ്ങളിലും വാമൊഴിയായും വരമൊഴിയായും പ്രചാരത്തിലുള്ള ഫോസ്റ്റിന്റെ കഥയ്ക്ക് അതിന്റെ ചരിത്രപശ്ചാത്തലവും വിശദാംശങ്ങളും വിട്ടുകളഞ്ഞ് ഗോയ്ഥെ തന്റെ പ്രതിഭാവിലാസം കൊണ്ട് അപൂർവമായ അർഥതലങ്ങൾ നൽകുന്നത് ഖുർആന്റെ കഥാഖ്യാനവുമായി സാമ്യമുള്ള ഒന്നായി ഇഖ്ബാൽ കണ്ടെത്തുന്നു. ഗോയ്ഥെക്ക് കലാപരവും ദാർശനികവുമായ ലക്ഷ്യങ്ങളാണുള്ളതെങ്കിൽ, ഖുർആന് പ്രബോധനപരവും ധാർമികവുമായ ലക്ഷ്യങ്ങളാണുള്ളത് എന്ന വ്യത്യാസമുണ്ട്. പ്രബോധനപരവും ധാർമികവുമായ ആ ലക്ഷ്യങ്ങൾ ചുരുക്കിപ്പറയാം:

1. മുമ്പു സൂചിപ്പിച്ചപോലെ, പൂർവസമുദായങ്ങളുടെ അനുഭവങ്ങളിൽനിന്ന് പാഠമുൾക്കൊള്ളുക എന്നതാണ് ഒന്നാമത്തെ ലക്ഷ്യം. ആദമിന്റെ കഥ ഖുർആനിൽ ആവർത്തിച്ചുവരുന്നുണ്ട്. ആ കഥയിൽ ദൈവവിധികൾ മറന്നുപോകുന്നത് മനുഷ്യന്റെ വലിയൊരു ദൗർബല്യമായി ചൂണ്ടിക്കാട്ടുന്നു. ദൈവകൽപനകളുടെ ലംഘനം മനഃപൂർവമോ ധിക്കാരമോ അല്ലാത്തതിനാൽ തെറ്റുകൾക്ക് പരിഹാരമുണ്ട്- പശ്ചാത്താപം. എക്കാലത്തേക്കുമുള്ള മനുഷ്യർക്കായി പ്രപഞ്ചനാഥൻ നൽകുന്ന സന്ദേശം. ആദ്സമുദായത്തിന്റെ നാശം ഒരുപാട് താക്കീതുകൾ പിൻതലമുറകൾക്കായി അവശേഷിപ്പിക്കുന്നു. ഭൗതികശക്തിയിലും സുഖാഡംബരത്തിലും വഞ്ചിതരാകരുത് (*ഫുസ്സിലത്ത്*- 16) എന്നതാണ് അതിലൊന്ന്. തേനും പാലും ഒഴുകുന്ന ഒരു നാട് കനിഞ്ഞുനൽകിയിട്ടും ധിക്കാരികളായിത്തീർന്നതിന്റെ പരിണതിയാണ് സ്വാലിഹ് നബിയുടെ സമൂഹത്തിന്റെ ചരിത്രം പരാമർശിക്കുന്നതിലൂടെ ഖുർആൻ തുറന്നുകാട്ടുന്നത്. ത്യാഗം, അർപ്പണ ബോധം, തൗഹീദിനു വേണ്ടിയുള്ള പോരാട്ടം- ഇതൊക്കെയാണ് ഇബ്റാഹീം നബിയുടെ ജീവിതം നൽകുന്ന പാഠങ്ങൾ. "പൂർവജനങ്ങളുടെ കഥകളിൽ ബുദ്ധിയും തന്റേടവുമുള്ളവർക്ക് പാഠമുണ്ട്" (*യൂസുഫ്*: 111) എന്ന ഖുർആൻസൂക്തം എല്ലാ പ്രവാചക-പ്രവാചകേതര കഥകൾക്കും ബാധകമാണ്. "ഇത് കുറേ നാടുകളുടെ സംഭവകഥകളാണ്. നാം താങ്കൾക്കത് പറഞ്ഞുതരുന്നു. അവയിൽ ചിലത് ഇന്നും നിലനിൽക്കുന്നുണ്ട്. ചിലത് നശിച്ചുപോയിരിക്കുന്നു" (ഹൂദ്: 100) എന്ന സൂക്തവും ഇതേ ആശയത്തിലേക്ക് വിരൽചൂണ്ടുന്നു.

2. മുഹമ്മദീയപ്രവാചകത്വം സത്യമെന്ന് തെളിയിക്കുക. നിരക്ഷരനായിരുന്നു നബി. പൂർവപ്രവാചകന്മാരുടെയോ സമൂഹങ്ങളുടെയോ ചരിത്രങ്ങൾ അദ്ദേഹം ജീവിച്ച സമൂഹത്തിന് അറിയുമായിരുന്നില്ല. അവ ഭാഗികമായോ വികലമാക്കപ്പെട്ട രീതിയിലോ അറിയുന്ന സമൂഹങ്ങളുമായി നബിക്ക് ബന്ധമുണ്ടായിരുന്നില്ല. അതിനാൽ ഇത്ര കൃത്യമായും സൂക്ഷ്മമായും പൂർവസമൂഹങ്ങളുടെ ചരിത്രം ഖുർആനിൽ വരണമെങ്കിൽ അതിന് ഒരു വഴിയേയുള്ളൂ- ദിവ്യവെളിപാട്. ഒരു പ്രവാചകനു മാത്രമേ ദിവ്യവെളിപാട് ലഭിക്കുകയുള്ളൂ. മിക്ക ഖുർആൻകഥകളുടെയും അവസാനം ഈ ആശയം സ്ഫുരിക്കുന്ന സൂക്തങ്ങൾ കാണാൻ കഴിയും. സൂറഃ *യൂസുഫി*ന്റെ അവസാനം (102) ഇങ്ങനെ കാണാം: "പ്രവാചകരേ, ഈ കഥ അജ്ഞാതവൃത്താന്തങ്ങളിൽപെട്ടതാകുന്നു.



cmyk

അത് താങ്കൾക്ക് നാം ബോധനം നൽകുന്നു. യൂസുഫിന്റെ സഹോദരന്മാർ ഒത്തുകൂടി ഗൂഢാലോചന നടത്തിയപ്പോൾ താങ്കൾ അവിടെ സന്നിഹിതനായിരുന്നില്ലല്ലോ". മറ്റൊരിടത്ത്: "പ്രവാചകരേ, മൂസാക്ക് നാം ഈ നിയമശാസനം നൽകിയപ്പോൾ പശ്ചിമദിക്കിൽ (സീനായ്) താങ്കളുണ്ടായിരുന്നില്ല. താങ്കൾ അതിന്റെ സാക്ഷികളിൽപെട്ടവനുമായിരുന്നില്ല" (*അൽ ഖസ്വസ്വ്*: 44).

3. ആദം മുതൽ മുഹമ്മദ്നബിവരെയുള്ള എല്ലാ പ്രവാചകന്മാർക്കും നൽകിയത് ഒരേ സന്ദേശമാണെന്ന് സ്ഥാപിക്കുക. *അൽഅഅ്റാഫ്* അധ്യായത്തിൽ (59 മുതൽ 93 വരെ സൂക്തങ്ങൾ) നൂഹ്, ഹൂദ്, സ്വാലിഹ്, ശുഐബ് എന്നീ പ്രവാചകന്മാരുടെ കഥകൾ പറയുന്ന രീതി ശ്രദ്ധിക്കൂ. ഈ പ്രവാചകന്മാരെല്ലാം ജനങ്ങളെ ക്ഷണിക്കുന്നത് ഒരേ ആദർശത്തിലേക്കാണ്- തൗഹീദിലേക്ക്. പദപ്രയോഗം പോലും ഒരേ രീതിയിലാണ്- *ഉഅ്ബുദുല്ലാഹ്*; അല്ലാഹുവിനു മാത്രം നിങ്ങൾ ഇബാദത്ത് ചെയ്യുക.

4. പൂർവപ്രവാചകന്മാരുടെ കഥ പറഞ്ഞുകൊണ്ട് മുഹമ്മദ് നബിയുടെ മനസ്സിനെ പതറാതെ ഉറപ്പിച്ചുനിർത്തുക: "അതിനാൽ പ്രവാചകരേ, നിശ്ചയദാർഢ്യമുള്ള ദൈവദൂതന്മാർ ക്ഷമിച്ചിട്ടുള്ളതുപോലെ താങ്കളും ക്ഷമിക്കുക" (*അൽഅഹ്ഖാഫ്*: 35), "പ്രവാചകരേ, ഇവർ പറയുന്നത് ക്ഷമിക്കുക. വമ്പിച്ച ശക്തികൾക്കുടയവനും എന്നാൽ എല്ലാ കാര്യങ്ങളിലും അല്ലാഹുവിങ്കലേക്ക് മടങ്ങുന്നവനുമായിരുന്ന നമ്മുടെ ദാസൻ ദാവൂദിന്റെ കഥ അവർക്ക് വിവരിച്ചു കൊടുക്കുകയും ചെയ്യുക" (*സ്വാദ്*:17), "പ്രവാചകരേ, ഈ പ്രവാചക ചരിത്രങ്ങളെല്ലാം നാം താങ്കളെ കേൾപ്പിക്കുന്നത് താങ്കളുടെ മനസ്സ് ദൃഢീകരിക്കുന്നതിനുവേണ്ടിയാകുന്നു" (ഹൂദ്: 120).



## ആവർത്തനം

ഒരേ കഥ തന്നെ നിരവധി അധ്യായങ്ങളിൽ ആവർത്തിച്ചതായി കാണാൻ കഴിയും. ഏറ്റവും കൂടുതൽ വന്നിട്ടുള്ളത് മൂസാനബിയുടെ കഥയാണ്. പതിമൂന്ന് അധ്യായങ്ങളിൽ. ഇതിൽ *അൽഅഅ്ലാ, ഫജ്ർ* എന്നീ അധ്യായങ്ങളിൽ പേരിനൊരു പരാമർശം മാത്രമേയുള്ളൂ. ഇബ്റാഹീംനബിയെക്കുറിച്ച് ഇരുപത് സ്ഥലങ്ങളിലും ഈസായുടെ സംഭവം എട്ട് സ്ഥലങ്ങളിലും പ്രതിപാദിക്കുന്നു. *യൂസുഫ്* എന്ന അധ്യായം യൂസുഫ്നബിയുടെ സ്വപ്നദർശനത്തോടെ ആരംഭിച്ച് സ്വപ്നസാക്ഷാത്കാരത്തോടെ അവസാനിക്കുന്നു. ഈ നാല് പ്രവാചകന്മാരുടെ കഥകളാണ് ഖുർആൻ വിശദാംശങ്ങളോടെ പ്രതിപാദിച്ചിട്ടുള്ളത്. സാമാന്യം വിശദമായ വിവരണം നൂഹ്, സുലൈമാൻ എന്നിവരെക്കുറിച്ചുമുണ്ട്. ഹൂദ്, സ്വാലിഹ്, ശുഐബ്, ലൂത്വ് എന്നീ പ്രവാചകന്മാരുടെ ഷോർട്ട് സ്കെച്ചുകളാണുള്ളത്. അവരുടെ നിലപാട് എന്തെന്ന് വ്യക്തമാക്കാൻ മാത്രമുള്ള കഥാംശം ചേർക്കുന്നു. സകരിയ്യാ, അയ്യൂബ് എന്നീ പ്രവാചകന്മാരെക്കുറിച്ച് വളരെ കുറഞ്ഞ വാക്യങ്ങളിൽ സ്പർശിച്ച് കടന്നുപോവുക മാത്രം ചെയ്യുന്നു.

സയ്യിദ് ഖുത്വ്ബ് തന്റെ *ഖുർആനിലെ കലാവിഷ്കാരം* (അത്തസ്വീറുൽ ഫന്നീ ഫിൽ ഖുർആൻ) എന്ന ഗ്രന്ഥത്തിൽ എഴുതിയതുപോലെ, കഥ സ്വതന്ത്രമായ ഒരു കലയല്ല ഖുർആനിൽ. ദീനീലക്ഷ്യങ്ങളുടെ സാക്ഷാത്കാരത്തിനുള്ള ഉപകരണങ്ങളിൽ ഒന്നുമാത്രമാണ്. ദീനീലക്ഷ്യമുള്ളതുകൊണ്ടാണ് കഥകൾ ആവർത്തിക്കേണ്ടിവരുന്നത്. ഒരേ കഥയ്ക്കുതന്നെ നിരവധി സന്ദേശങ്ങൾ ഉണ്ടാകാമല്ലോ. അവ ഒന്നിച്ച് ഒരിടത്ത് തന്നെ പറയുക ഖുർആന്റെ രീതിയല്ല. പ്രതികരണത്തിൽ പ്രസക്തമായ സന്ദേശമേതോ അത് എടുത്തുപറയും. അതേ കഥയുടെ മറ്റൊരു സന്ദേശം നൽകേണ്ടിവരുമ്പോൾ കഥ ആവർത്തിക്കേണ്ടിവരുന്നത് അതുകൊണ്ടാണ്. മിക്കപ്പോഴും ഭാഗികമായി മാത്രമേ കഥകൾ ആവർത്തിക്കുന്നുള്ളൂ. അതേപടി ആവർത്തിച്ചത് വളരെ അപൂർവം.

ആവർത്തനത്തിന്റെ രീതി വ്യക്തമാക്കാൻ ഒരുദാഹരണം നൽകാം: ശുഐബ്നബിയുടെ കഥ *അൽഅഅ്റാഫ്, ഹൂദ്, അശ്ശുഅറാഅ്* എന്നീ അധ്യായങ്ങളിൽ ആവർത്തിച്ചിരിക്കുന്നു: "മദ്യൻനിവാസികളിലേക്ക് നാം അവരുടെ സഹോദരൻ ശുഐബിനെ നിയോഗിച്ചിരുന്നു. അദ്ദേഹം പറഞ്ഞു: എന്റെ ജനമേ, അല്ലാഹുവിന് ഇബാദത്ത് ചെയ്യുവിൻ. നിങ്ങൾക്ക് അവനല്ലാതെ വേറെ ഇലാഹില്ല തന്നെ. നിങ്ങളുടെ റബ്ബിങ്കൽനിന്ന് നിങ്ങൾക്ക് സ്പഷ്ടമായ മാർഗദർശനം ആഗതമായിരിക്കുന്നു. അതിനാൽ നിങ്ങൾ-അളവുതൂക്കങ്ങൾ നിറവടിയാക്കുവിൻ. ജനങ്ങൾക്ക് അവരുടെ സാധനങ്ങൾ കമ്മിയാക്കാതിരിക്കുവിൻ. ഭൂമിയിൽ അതിന്റെ സംസ്കരണം നടന്ന ശേഷം നിങ്ങൾ നാശമുണ്ടാക്കാതിരിക്കുവിൻ. ഇതിൽ മാത്രമാകുന്നു നിങ്ങൾക്ക് ഗുണമുള്ളത്. നിങ്ങൾ സത്യത്തിൽ വിശ്വാസികളാണെങ്കിൽ" (*അൽഅഅ്റാഫ്*: 85).

"മദ്യൻനിവാസികളിലേക്ക് നാം അവരുടെ സഹോദരൻ ശുഐബിനെ നിയോഗിച്ചു. അദ്ദേഹം പറഞ്ഞു: എന്റെ ജനമേ, അല്ലാഹുവിന് അടിമപ്പെടുവിൻ. നിങ്ങൾക്ക് അവനല്ലാതെ ഇലാഹില്ല. നിങ്ങൾ അളവുതൂക്കങ്ങളിൽ വെട്ടിപ്പ് നടത്താതിരിക്കുവിൻ. ഞാൻ ഇന്ന് നിങ്ങളെ സുസ്ഥിതിയിൽ കാണുന്നു. എന്നാൽ, നാളെ സകലരെയും വലയംചെയ്യുന്ന പീഡനം നിറഞ്ഞ ഒരു ദിനം നിങ്ങളിൽ ആഗതമാകുമെന്ന് എനിക്കുറപ്പുണ്ട്" (ഹൂദ്: 84).

"ശുഐബ് അവരോട് പറഞ്ഞത് ഓർക്കുക: നിങ്ങൾ ഭക്തി കൈക്കൊള്ളാത്തതെന്ത്? ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ ദൈവദൂതനാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിനോട് ഭക്തിപുലർത്തുവിൻ. എന്നെ അനുസരിപ്പിൻ. ഞാൻ ഈ ദൗത്യത്തിന് നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല. എനിക്കുള്ള പ്രതിഫലമോ, സർവലോകനാഥങ്കൽ മാത്രമാകുന്നു. അളവുകൾ ശരിക്കും തികക്കുക . ആരെയും നഷ്ടപ്പെടുത്താതിരിക്കുക. ശരിയായ ത്രാസുകളിൽ തൂക്കുക. ആളുകൾക്ക് അവരുടെ ചരക്കുകൾ കമ്മിയാക്കാതിരിക്കുക. ഭൂമിയിൽ നാശം പരത്തുന്നവരായി വിഹരിക്കാതിരിക്കുക" (*അശ്ശുഅറാഅ്*: 177 -183).

ഈ മൂന്ന് പരാമർശങ്ങളും -പ്രത്യേകിച്ച് അവയുടെ അവസാന ഭാഗം- താരതമ്യം ചെയ്യുന്നവർക്ക് ഊന്നലുകളിലുള്ള വ്യതിയാനം പെട്ടെന്ന് മനസ്സിലാകും. രണ്ടാമത്തെ പരാമർശത്തിൽ പ്രതീക്ഷിക്കപ്പെടുന്ന ദുരന്തത്തിന്റെ നിഴലാട്ടം ദൃശ്യമാവുന്നു. മൂന്നാമത്തെ പരാമർശത്തിൽ കൊച്ചുകൊച്ചു വാക്യങ്ങളിൽ, മുഴങ്ങുന്ന വാക്കുകൾ ഉപയോഗിച്ച് ദുരന്തം വിളിപ്പാടകലെ എന്ന് അറിയിക്കുന്നു. മൂന്ന് പരാമർശങ്ങളു

ടെയും അറബിപാഠങ്ങൾ താരതമ്യം ചെയ്യുമ്പോഴേ വ്യത്യാസങ്ങൾ വ്യക്തമാവുകയുള്ളൂ. ആവർത്തനം പ്രത്യക്ഷത്തിലേ ഉള്ളൂ എന്നർഥം. ഓരോ സൂക്തത്തിലും കഥാഖ്യാനഘടന വ്യത്യസ്തമാണ്. അതിനാൽ കഥകൾ പഠിക്കുന്നയാൾ ഓരോ സൂക്തവും വെവ്വേറെ പഠിക്കേണ്ടതുണ്ട്. ഫോട്ടോഗ്രാഫിയുമായി ഇതിനെ തുലനം ചെയ്യാമെന്ന് തോന്നുന്നു. സമർഥനായ ഫോട്ടോഗ്രാഫർ ഒരു വസ്തുവിനെ ഒറ്റ പ്രാവശ്യം ഫോട്ടോയെടുത്ത് പിൻവാങ്ങുകയല്ല ചെയ്യുക. വെളിച്ചം പലവിധത്തിൽ ക്രമീകരിച്ച് അതിന്റെ വിവിധ ആങ്കിളുകളിൽനിന്നുള്ള ഫോട്ടോ എടുക്കുന്നു. അപ്പോഴേ വസ്തുവിന്റെ യഥാർഥ ചിത്രം തെളിഞ്ഞുകിട്ടൂ. ഓരോ വശവും ഫോക്കസ് ചെയ്തുകൊണ്ടുള്ള നിരവധി ചിത്രങ്ങൾ. ഇതുപോലെ ഒരേ സംഭവത്തിന്റെ വിവിധ ചിത്രങ്ങളാണ് പല അധ്യായങ്ങളിലൂടെ നമുക്ക് കിട്ടുന്നത്. ഖുർആന്റെ അഭിസംബോധിതർ ബഹുഭൂരിപക്ഷവും സാധാരണക്കാരായതിനാൽ, ആവർത്തനം കാര്യങ്ങൾ എളുപ്പത്തിൽ ഗ്രഹിക്കാൻ അവർക്ക് ഉപകാരപ്പെടുകയും ചെയ്യും.

## ആഖ്യാനതന്ത്രങ്ങൾ

പ്രവാചക/പ്രവാചകേതര കഥകൾ എന്നിങ്ങനെ ഖുർആൻ കഥകളെ പൊതുവെ രണ്ടായി തിരിക്കാറുണ്ട്. ഗുഹാവാസികൾ, കിടങ്ങുകാർ, ആദമിന്റെ രണ്ട് മക്കൾ, രണ്ട് തോട്ടങ്ങളുടെ ഉടമസ്ഥർ തുടങ്ങിയവ പ്രവാചകേതരകഥകൾക്ക് ഉദാഹരണങ്ങളാണ്. ഈ രണ്ട് ഇനം കഥകളിലും ഗുണപാഠം, ആഖ്യാനത്തിന്റെ തുടക്കത്തിലോ മധ്യത്തിലോ ഒടുവിലോ എവിടെ വേണമെങ്കിലും വരാം. കഥയുടെ സംക്ഷിപ്തം ആദ്യം പറഞ്ഞ് പിന്നീട് വിശദീകരിക്കുന്ന രീതിയാണ് *അൽകഹ്ഫ്* അധ്യായത്തിൽ സ്വീകരിക്കുന്നത്. മർയമിന്റെയും സുലൈമാന്റെയും വിവരണത്തിൽ ഒരു ആമുഖവുമില്ലാതെ നേരെ കഥയിലേക്ക് കടക്കുന്നു. ഇബ്റാഹീമും മകൻ ഇസ്മാഈലും കഅ്ബ കെട്ടിപ്പടുക്കുന്നത് ചിത്രീകരിച്ചുകൊണ്ടാണ് അവരുടെ കഥ അനാവരണം ചെയ്യുന്നത്.

സസ്പെൻസ് നിലനിർത്തിക്കൊണ്ടാണ് ചിലേടത്ത് ആഖ്യാനം. *അൽകഹ്ഫ്* അധ്യായത്തിൽ മൂസായും നല്ലവനായ ദാസനും തമ്മിലുള്ള സംഭാഷണത്തിൽ, ഓരോ പ്രവൃത്തിയുടെയും പൊരുൾ എന്ത് എന്ന ജിജ്ഞാസ മൂസയെപ്പോലെ നമ്മെയും പിടികൂടുന്നു. സംഭവിച്ചത് എന്ത് എന്ന് പ്രേക്ഷകന് അറിയാം, കഥാപാത്രങ്ങൾക്ക് അറിഞ്ഞുകൂടാ. സ്വാഭാവികമായും കഥാപാത്രങ്ങളുടെ തുടർന്നുള്ള പ്രവൃത്തികൾ കാണികളിൽ ചിരിയുണർത്തും. നാടകത്തിൽ പ്രയോഗിക്കുന്ന ഈ തന്ത്രം ഖുർആനിലുമുണ്ട്. തോട്ടക്കാരുടെ കഥ ഉദാഹരണം. നാളെ നമ്മുടെ വിളവെടുപ്പാണ്. വിളവ് നമുക്ക് മാത്രമുള്ളതാണ്. ദരിദ്രനായ ഒരുത്തനും ആ വഴിക്ക് വരാതെ നോക്കണം. എന്നിങ്ങനെ തോട്ടക്കാർ അടക്കിപ്പിടിച്ച് സ്വകാര്യം പറയുന്നു. ധിക്കാരികളായ ഈ മനുഷ്യരുടെ തോട്ടം നേരത്തേ അല്ലാഹു നശിപ്പിച്ചു കളഞ്ഞ വിവരം കാണികൾക്ക് അറിയാം. കഥാപാത്രങ്ങൾക്ക് അറിയില്ല. പിറ്റേന്ന് രാവിലെ വലിയ ആവേശത്തോടെ വിളവെടുക്കാൻ പോകുന്ന ഇവരുടെ ചിത്രം നമ്മിൽ ചിരിയുണർത്തും. ഇവിടെയൊരൽപം തമാശ കലർത്തിയാണ് ഖുർആന്റെ ആഖ്യാനം എന്നതും ശ്രദ്ധേയമാണ്. ചിലപ്പോൾ പ്രേക്ഷകന് രഹസ്യം പാതിയേ പിടികിട്ടുകയുള്ളൂ. ബിൽഖീസിന്റെ കഥയിൽ, 'ഈ സിംഹാസനം നിന്റേതാണോ' എന്ന് സുലൈമാൻ ചോദിക്കുമ്പോൾ ബിൽഖീസ് 'ആണെന്ന് തോന്നുന്നു' എന്ന് പറയുന്നതിനു മുമ്പ് തന്നെ പ്രേക്ഷകന് അക്കാര്യം അറിയാം. എന്നാൽ, 'കൊട്ടാരത്തിലേക്ക് കടക്കൂ' എന്ന് സുലൈമാൻ പറയുമ്പോൾ, രാജ്ഞിയോടൊപ്പം പ്രേക്ഷകനും അന്തംവിട്ടു പോകുന്നു. രത്നങ്ങൾ പതിച്ച ഒരു അതുല്യ കൊട്ടാരം പെട്ടെന്ന് മുമ്പിൽ ദൃശ്യമാവുന്നു. ഇത് പ്രേക്ഷകന് നേരത്തേ അറിവുള്ളതല്ല.

*അൽകഹ്ഫ്*, *യൂസുഫ്* അധ്യായങ്ങളിലെ കഥാഖ്യാനഘടന സൂക്ഷ്മമായി പഠിച്ചാൽ അതുതന്നെയാണ് ആധുനികസിനിമാറ്റിക്സങ്കേതം എന്നു കാണാം. *യൂസുഫ്* അധ്യായം 28 നാടക രംഗങ്ങളായി ചിത്രീകരിക്കാമെന്ന് സയ്യിദ് ഖുത്വ്ബ്. രണ്ട് സിനിമാ ഷോട്ടുകൾക്കിടയിൽ കുറെയേറെ സംഭവങ്ങൾ പറയാതെ വിട്ടുകളയുമല്ലോ. ബുദ്ധിയും ഭാവനയും കൊണ്ട് പ്രേക്ഷകന് അവ ഗ്രഹിച്ചെടുക്കാനാവും. മൂന്ന് ലൊക്കേഷനുകളിലായാണ് ചിത്രീകരണം. ഒന്ന്: യൂസുഫ് ജനിച്ച നാട്. കുട്ടിക്കാലം, സ്വപ്നം തുടങ്ങിയവ. രണ്ട്: സഹോദരന്മാർ യൂസുഫിനെ കൊണ്ടു തള്ളിയ പൊട്ടക്കിണറും വിജനമായ പരിസരവും. മൂന്ന്: ഈജിപ്ത്, ഭരണാധികാരിയായ യൂസുഫ്, സ്വപ്നത്തിന്റെ സാക്ഷാത്കാരം. *അൽകഹ്ഫ്* അധ്യായത്തിൽ മൂന്ന് കാലങ്ങളിലൂടെ ക്യാമറ സഞ്ചരിക്കുന്നു. ക്രൂരനായ ഭരണാധികാരിയുടെ പീഡനം ഭയന്ന് യുവാക്കൾ ഗുഹയിൽ കയറി ഒളിച്ച കാലഘട്ടം. മുന്നൂറ് വർഷങ്ങൾക്കു ശേഷം യുവാക്കൾ ഉറക്കത്തിൽനിന്ന് ഉണരുമ്പോൾ രണ്ടാം ഘട്ടം. ഗുഹയിലൊളിച്ച യുവാക്കൾ എത്ര പേരുണ്ടായിരുന്നു എന്നതിനെച്ചൊല്ലി ഖുറൈശികൾ തർക്കിക്കുന്നു. അത് മുഹമ്മദ് നബി ജീവിച്ച കാലം. ഈ മൂന്ന് കാലങ്ങളെയും ചിട്ടപ്പെടുത്തുന്നത് സംഭവങ്ങൾ നടന്ന ക്രമത്തിലല്ല. അത് ഏറ്റവും നൂതനമായ ഒരു ചലച്ചിത്രവിദ്യയാണല്ലോ. ഖുർആന്റെ ദൃശ്യഭാഷ കൂടുതൽ പഠനം ആവശ്യപ്പെടുന്ന ഒരു മേഖലയാണ്.

ഖുർആൻകഥകളിൽ കുറേഭാഗം പരാമർശിക്കാതെവിട്ടതിൽ പ്രബോധനപരവും കലാപരവുമായ ലക്ഷ്യങ്ങളുണ്ടെന്ന് നാം കണ്ടു. ഇത് മനസ്സിലാക്കാതെ, ജൂത-ക്രൈസ്തവസമൂഹങ്ങളിൽ നിലനിൽക്കുന്ന കെട്ടുകഥകൾകൊണ്ട് വിട്ടഭാഗങ്ങൾ പൂരിപ്പിക്കാനുള്ള പ്രവണത ചില ഖുർആൻവ്യാഖ്യാതാക്കളെങ്കിലും നടത്തിയിട്ടുണ്ട്. ആദം മരിച്ചപ്പോൾ ആറ് ദിവസം തുടർച്ചയായി സൂര്യ-ചന്ദ്രഗ്രഹണങ്ങളുണ്ടായി എന്ന് ചില വ്യാഖ്യാനഗ്രന്ഥങ്ങളിൽ കാണാം. ഒന്നല്ല, പല അബദ്ധങ്ങൾ ഉണ്ട് ഈ കഥയിൽ. ഒരേ ദിവസം സൂര്യഗ്രഹണവും ചന്ദ്രഗ്രഹണവും ഒന്നിച്ച് ഉണ്ടാകില്ല. ചന്ദ്രഗ്രഹണമോ സൂര്യഗ്രഹണമോ തുടർച്ചയായി രണ്ട് ദിവസം ഉണ്ടാവുകയെന്നതും അസംഭവ്യം. തന്റെ മകൻ ഇബ്റാഹീം മരിച്ചപ്പോൾ, ആ കാരണത്താലാണ് അന്ന് ഗ്രഹണമുണ്ടായതെന്ന് പറഞ്ഞവരോട്, 'ഒരാളുടെയും ജനനമരണങ്ങൾ കൊണ്ടല്ല ഗ്രഹണമുണ്ടാവുന്നത്' എന്ന മുഹമ്മദ് നബിയുടെ അസന്ദിഗ്ധമായ മറുപടി ഈ കഥയുടെ കടയ്ക്കൽ കോടാലി വയ്ക്കുന്നതാണ്. അതിനാൽ ഇത്തരം കഥകൾ വ്യാഖ്യാനമായി എഴുതിച്ചേർക്കുന്നവർ ഖുർആനികലക്ഷ്യങ്ങളെ തകർക്കുകയാണ് എന്ന് പറയേണ്ടിയിരിക്കുന്നു.

പ്രബോധനലക്ഷ്യങ്ങൾക്ക് ഉതകുന്നതാണെങ്കിൽ വിശദാംശങ്ങളോടെത്തന്നെ കഥ ഖുർആനിൽ വന്നിരിക്കും. ചില പ്രവാചകന്മാരുടെ ജനനം മുതൽക്കുള്ള ചരിത്രം തുടങ്ങുന്നു. സൃഷ്ടിപ്പിന്റെ വൈഭവം വിളിച്ചോതാൻ ആദമിന്റെയും വലിയൊരു ദൈവിക ദൃഷ്ടാന്തമായി ഈസായുടെയും കൂട്ട ശിശുഹത്യയിൽനിന്ന് ദൈവികസഹായത്താൽ രക്ഷപ്പെട്ടതിനാൽ മൂസായുടെയും മാതാപിതാക്കളുടെ വാർധക്യത്തിൽ ജനിച്ചവരെന്ന നിലയ്ക്ക് ഇസ്മാഈൽ, ഇസ്ഹാഖ്, യഹ്‌യ എന്നിവരുടെയും ജനനം സാമാന്യം വിശദമായി പ്രതിപാദിക്കുന്നു. യൂസുഫിന്റെ കഥ കുട്ടിക്കാലത്തു നിന്നും ഇബ്റാഹീമിന്റേത് കൗമാരത്തിൽനിന്നും തുടങ്ങുന്നു. ഹൂദ്, സ്വാലിഹ്, ലൂത്വ്, ശുഐബ് തുടങ്ങിയവരുടെ പ്രബോധനജീവിതത്തിലെ അന്ത്യഘട്ടങ്ങളാണ് ചിത്രീകരിച്ചിരിക്കുന്നത്. ഇവരുടെ ജീവിതങ്ങളെ വിശ്വാസയോഗ്യമല്ലാത്ത ഏതെങ്കിലും സ്രോതസ്സുകളിൽനിന്ന് കഥകളെടുത്ത് പൂരിപ്പിക്കേണ്ട യാതൊരുരാവശ്യവുമില്ല. ഈ രീതിയിലുള്ള ചിന്ത ഖുർആൻകഥകളെ പുതിയൊരു പരിപ്രേക്ഷ്യത്തിലൂടെ കാണാൻ നമ്മെ പ്രാപ്തരാക്കും.

■